LIBRARY ARCHIVES Kerala Legislative Assembly

ഐ.ടി. കോറിഡോർ പദ്ധതി

49 (4209) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് വേളി മുതൽ കോവളം വരെയുള്ള സ്ഥലത്ത് 300 ഏക്കർ ഭൂമി ഏറ്റെടുത്ത് ഐ.ടി. കോറിഡോർ പദ്ധതി നടപ്പിലാക്കാൻ ഉള്ള നിർദ്ദേശങ്ങൾ പരിഗണിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് നടപടികൾ ഏതുവരെയായി എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ & ബി) തിരുവനന്തപുരത്ത് കഴക്കൂട്ടം ടെക്നോപാർക്ക് ബൈപാസ്സിനോട് ചേർന്ന് 270 ഏക്കറോളം ഭൂമി ഏറ്റെടുത്ത് ടെക്നോപാർക്ക് വികസനവും ഐ.ടി. കോറിഡോർ പദ്ധതിയും നടപ്പിലാക്കാൻ പദ്ധതിയുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി ലാന്റ് അക്വിസിഷൻ ചട്ടപ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഐ.ടി. രംഗത്ത് യുവാക്കൾക്ക് പരിശീലനം നൽകാൻ നടപടി

50 (4210) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ. ടി. രംഗത്ത് എത്ര പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ടെന്ന് പറയാമോ ;

(ബി) ഐ.ടി. വ്യവസായത്തോട് ബന്ധപ്പെട്ട തൊഴിൽ ലഭിക്കുന്നതിന് യോഗ്യത ലഭിച്ചവരെ സംസ്ഥാനത്ത് ആവശ്യാനുസരണം ലഭിക്കുന്നുണ്ടോ ;

(സി) ഇല്ലാത്തപക്ഷം ഐ.ടി. യിലും അനുബന്ധ വ്യവസായങ്ങളിലും തൊഴിൽ ലഭിക്കുവാൻ യുവജനങ്ങൾക്ക് പരിശീലനം നൽകുവാൻ പദ്ധതിയുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 2002 Economic Review അനുസരിച്ച് 43,250 പേർ സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ നേരിട്ട് തൊഴിൽ ചെയ്യുന്നുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.